"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊച്ചി കോർപറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ മരണപ്പെട്ട ശ്രീ.ഷാജി.റ്റി. ജി-യുടെ ഭാര്യ ശ്രീമതി.അജിത.എൻ.പി -യ്ക്ക് - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നൽകുന്നതിന് നൽകിയ അനുമതി റദ്ദ് ചെയ്ത്- ടിയാളുടെ മകനായ ശ്രീ. നന്ദഗോപാൽ.ടി.എസിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(കൈ) നം.129/2026/LSGD തീയതി,തിരുവനന്തപുരം, 01-10-2026

---

പരാമർശം:-

1. സ.ഉ.(അച്ചടി )നം.12/99/P&ARD തീയതി 24.05.1999
2. സ.ഉ.(അച്ചടി )നം.37/2011/ഉ.ഭ.പ.വ തീയതി 15.12.2011
3. സ.ഉ(കൈ)നം.204/2022/LSGD തീയതി 31.08.2022
4. സ.ഉ(അച്ചടി)നം.4/2025/പി.&എ.ആർ.ഡി തീയതി 29.03.2025
5. സ.ഉ(അച്ചടി)നം.15/2025/പി.&എ.ആർ.ഡി തീയതി 09.11.2025
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.03.2026-തീയതിയിലെ LSGD/PD/7708/2026-DEF7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കറായിരിക്കെ മരണമടഞ്ഞ ഷാജി.ടി.ജി എന്നയാളുടെ ഭാര്യ ശ്രീമതി.അജിത.എൻ.പി എന്നവർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം നിയമനാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. ശ്രീമതി.അജിത.എൻ.പി നാളിതുവരെ നിയമനം ലഭ്യമാകാത്തതിനാലും ,ടിയാൾക്ക് ശാരീരികപ്രശ്നങ്ങൾ മൂലം നിലവിൽ ജോലി ചെയ്യുവാൻ ടിയാൾക്ക് ബുദ്ധിമുട്ടുള്ളതിനാലും പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരമുള്ള നിയമനാനുമതി റദ്ദ് ചെയ്ത് ടിയാളുടെ മകനായ ശ്രീ.നന്ദഗോപാൽ.ടി .എസ് -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) സർക്കാർ ഉത്തരവിലെ ഖണ്ഡിക (I) പ്രകാരം 29.03.2025-ന് മുമ്പ് മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരുടെ കാര്യത്തിൽ 24.05.1999-ലെ പരാമർശം (1) സർക്കാർ ഉത്തരവിലെയും അനുബന്ധ ഉത്തരവ്/സർക്കുലറിലെയും വ്യവസ്ഥകളാണ് (ഒഴിവു നികത്തുന്ന കാര്യത്തിൽ 29.03.2025-ലെ ഭേദഗതിക്ക് വിധേയമായി) ബാധകമാക്കേണ്ടത്. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും, തുടർന്ന് 15.12.2011--ലെ പരാമർശം (2) സർക്കാർ ഉത്തരവിലെ ഭേദഗതിയും അനുസരിച്ച്, ജോലി സ്വീകരിക്കുന്നതിന് മുമ്പ്

എപ്പോൾ വേണമെങ്കിലും അപേക്ഷ പിൻവലിക്കാനുള്ള അവകാശം അപേക്ഷകന് ഉണ്ടായിരിക്കും. ഇപ്രകാരം അപേക്ഷ പിൻവലിക്കുന്ന പക്ഷം കുടുംബത്തിലെ മറ്റൊരു ആശ്രിതന് ഈ പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷിക്കാവുന്നതാണ്. അപ്രകാരം സമർപ്പിക്കുന്ന പുതിയ അപേക്ഷയുടെ സീനിയോറിറ്റി കുടുംബത്തിലെ പുതിയ ആശ്രിതൻ സാധുവായ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

3) മേൽ സാഹചര്യത്തിൽ, കൊച്ചി കോർപറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ മരണപ്പെട്ട ശ്രീ.ഷാജി.റ്റി.ജി-യുടെ ഭാര്യ ശ്രീമതി.അജിത.എൻ.പി -യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം നൽകിയിരുന്ന നിയമനാനുമതി റദ്ദ് ചെയ്തുകൊണ്ടും ടിയാളുടെ മകനായ ശ്രീ.നന്ദഗോപാൽ.ടി.എസ്-ന്, പുതിയ അപേക്ഷയുടെ സീനിയോറിറ്റി സാധുവായ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
ജില്ലാ കളക്ടർ , കോട്ടയം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
പൊതുഭരണ (സവീസസ്-ഡി) വകുപ്പ് (17.08.2026 ലെ ഇയു1/111/2026/എൽ.എസ്.ജി.ഡി നം. അനൗദ്യോഗികകുറിപ്പ് പ്രകാരം)
ശ്രീമതി. അജിത.എൻ. പി , തച്ചാട്ടുതറയിൽ, ഏനാദി പി.ഒ, വൈക്കം, കോട്ടയം, 686608
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയ(EU1/106/2026-LSGD )

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 01-10-2026
15:18:01
സെക്ഷൻ ഓഫീസർ